പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3029. 07.12.2018 ൽ മറുപടിയ്ക്ക്

സുബോധം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യം,മയക്കുമരുന്ന് എന്നിവയുടെ ഉപഭോഗം തടയുന്നതിനുവേണ്ടി മുൻ സർക്കാർ നടപ്പിലാക്കിയ സുബോധം പദ്ധതി പൂർണ്ണമായി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്ത് ബഹുജന പങ്കാളിത്തത്തോടെ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ദൂഷ്യ വശങ്ങൾക്കെതിരെ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും, ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിക്കുന്നതിനുമായി 'വിമുക്തി' മിഷൻ രൂപീകരിച്ചിട്ടുള്ളതിനാൽ സുബോധം പദ്ധതി നിർത്തലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിരുന്നതെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | വിവാ - ലാവിഡ, ഐകോൺ 2016 തുടങ്ങിയ അന്തർദ്ദേശീയ കോൺഫറൻസുകൾ, സെമിനാറുകൾ,എൻ.സി.സി,എൻ.എസ്.എസ്, എസ്.പി.സി, യൂത്ത് കമ്മീഷൻ, എൻ.ആർ.എച്ച്.എം, കെ.എസ്.എസ്.എം, സർക്കാരിതര സംഘടനകൾ, ആദിവാസി മേഖലകളിലെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ, മീഡിയാ വഴിയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ എന്നിവ "സുബോധം" പദ്ധതിയിലൂടെ നടത്തുകയുണ്ടായി. ആകെ 1,43,34,651/- രൂപ (ഒരു കോടി നാൽപ്പത്തി മൂന്ന് ലക്ഷത്തി മുപ്പത്തി നാലായിരത്തി അറുനൂറ്റി അൻപത്തിയൊന്ന് രൂപ) ചെലവഴിച്ചു. |
| (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാതലത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ജില്ലാതലത്തിൽ കമ്മറ്റി രൂപീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ